"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – "അങ്ങാടി കേരള ആപ്പ്" വികസിപ്പിക്കുന്നതിനുവേണ്ട ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.448/2025/Co-Op തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ 03/09/2025 ലെ പി&എ എ (1)/5785/2025 നം. കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ ഐ.റ്റി (4) 7214/2025 നം. കുറിപ്പ്
3. 25/09/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. ഇ. അനുമതി നം. AS/COP/25/ 46978 Subsidy

**ഉത്തരവ്**

"Coop- Kerala ബ്രാൻഡഡ് ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ, വിലകൾ, വിൽപ്പന കേന്ദ്രങ്ങൾ എന്നിവയുടെ പ്രസിദ്ധീകരണം ഏകീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്ത് കൊണ്ട് സഹകരണ മേഖലയിലെ ഉല്പ്പാദകരെയും, ഉപഭോക്താക്കളെയും ബന്ധിപ്പിക്കുകയും വിപണി സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വികസിപ്പിക്കുന്ന ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനാണ് "അങ്ങാടി കേരള ആപ്പ്". ടി ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം 2425-108-25 - സബ്സിഡി ശീർഷകത്തിൽ നിന്നും 10 ലക്ഷം രൂപ ധനസഹായം (പത്ത് ലക്ഷം

രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിനായി പരാമർശം **(1, 2)** എന്നിവ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം **(3)** പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**2.** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, **25/09/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ "അങ്ങാടി കേരള ആപ്പ്" വികസിപ്പിക്കുന്നതിനായി, സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം **2425-108-25** - സബ്സിഡി ശീർഷകത്തിൽ നിന്നും **10** ലക്ഷം രൂപ ധനസഹായം (പത്ത് ലക്ഷം രൂപ മാത്രം) **2025-26** സാമ്പത്തികവർഷത്തിൽ അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/206/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 24-10-2025 11:02:38

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.